(എ) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ വിവിധ ഡിപ്പാർട്ടുമെന്റിൽ ലക്ചറർ മുതൽ ഡയറക്ടർവരെ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താതിരിയ്ക്കാൻ കാരണമെന്താണ്; ഒഴിവുകൾ നികത്തി മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒഴിവുകളുടെ വിശദവിവരം താഴെ ചേർത്തിരിയ്ക്കുന്നു.

ജോയിന്റ് ഡയറക്ടർ	–	1
പ്രിൻസിപ്പൽ :		
തൃശൂർ മെഡിക്കൽ കോളേജ്	–	1
ദന്തൽ കോളേജ്, തിരുവനന്തപുരം	–	1
പ്രൊഫസർ	–	12
അസോസിയേറ്റ് പ്രൊഫസർ	–	41
അസിസ്റ്റന്റ് പ്രൊഫസർ	–	116
ലക്ചറർ	–	265

ഇവരുടെ വകുപ്പു തിരിച്ചുള്ള വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പി.എസ്.സി. ലിസ്റ്റിന്റെ അഭാവവും പ്രൊമോഷന് യോഗ്യരായ ഡോക്ടർമാരുടെ അഭാവവുമാണ് ഈ ഒഴിവുകൾ നികത്താതിരിക്കാൻ കാരണം. പി.എസ്.സി. ലിസ്റ്റ് വരുന്ന മുറക്കും പ്രൊമോഷന് ഡോക്ടർമാർ യോഗ്യരാവുന്ന മുറക്കും ഈ ഒഴിവുകൾ നികത്താൻ കഴിയും. ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പൽ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

205 (2521) ഡെന്റൽസർജൻമാരുടെ ഒഴിവുകൾ

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെന്റൽ സർജൻമാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഇപ്പോൾ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ഇ) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എസ്.സി. മുഖാന്തിരം ഡെന്റൽ സർജൻമാരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ബി) 48 പേർക്ക്.

(സി) രണ്ട് ഒഴിവുകൾ.

(ഡി) പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ച മൂന്നുപേർ ഉപരിപഠനത്തിലായതിനാൽ സർവ്വീസിൽ പ്രവേശിക്കുന്നതിന് കൂടുതൽ സമയം അനുവദിച്ചിട്ടുണ്ട്. അവരിൽ രണ്ടുപേർക്ക് അനുവദിച്ച സമയം മേയ്മാസത്തിൽ അവസാനിക്കും. ഇപ്പോൾ ഈ രണ്ട് ഒഴിവുകളും നികത്താൻ കഴിയും.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

206 (2522) വൊക്കേഷണൽ ഹയർസെക്കണ്ടറി മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ്

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാബോറട്ടറി ടെക്നീഷ്യൻ തസ്തികയിൽ നിയമനത്തിന് വൊക്കേഷണൽ ഹയർ സെക്കണ്ടറി മുഖേന മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെക്കൂടി പരിഗണിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ,

(ബി) എങ്കിൽ പി.എസ്.സി. മുഖേന അപേക്ഷ ക്ഷണിക്കുമ്പോൾ ഈ വിഭാഗം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്താൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന അംഗീകൃത ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് പൂർത്തിയാക്കിയ എം.എൽ.റ്റി.ക്കാർക്ക് പ്രത്യേക പരിഗണന പി.എസ്.സി. നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) വി.എച്ച്.എസ്.സി., എം.എൽ.റ്റി. കോഴ്സ് പാസ്സായവരുടെ ഉപരിപഠനത്തിന് ബി.എസ്.സി. മൈക്രോബയോളജി, ബി.എസ്.സി. ബയോകെമിസ്ട്രി കോഴ്സുകൾ ആരംഭിക്കുമോ?

ഉത്തരം

(എ)&(ബി) വി.എച്ച്.എസ്.ഇ. യിലെ എം.എൽ.റ്റി. കോഴ്സിന് ലബോറട്ടറി ടെക്നോളജി അവരുടെ പാഠ്യവിഷയങ്ങളിൽ ഒന്നു മാത്രമാണ്. എന്നാൽ മെഡിക്കൽ കോളേജുകളിലെ ഡി.എം.എൽ.റ്റി. കോഴ്സ് രണ്ടു വർഷത്തെ മുഴുവൻ സമയ കോഴ്സാണ്. അതുകൊണ്ട് പി.എസ്.സി. വഴിയുള്ള ലാബോറട്ടറി ടെക്നീഷ്യൻ നിയമനത്തിന് വൊക്കേഷണൽ ഹയർ സെക്കണ്ടറി മുഖേന മെഡിക്കൽ ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായവരെ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) അപ്രന്റീസ്ഷിപ്പ് പൂർത്തിയായതിന്റെ പേരിൽ എം.എൽ.റ്റി. ക്കാർക്ക് പി.എസ്.സി. നിയമനങ്ങൾക്ക് പ്രത്യേകപരിഗണന നൽകേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

(ഡി) വി.എച്ച്.എസ്.ഇ.-എം.എൽ.റ്റിയുടേയും മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡി.എം.എൽ.റ്റി. കോഴ്സുകളുടേയും പ്രവേശനത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly